ഉത്തരം

(എ) കഴക്കൂട്ടത്ത് സ്ഥാപിച്ചിട്ടുള്ള കിൻഫ്രാ അപ്പാരൽ പാർക്കിൽ വിവിധ യൂണിറ്റുകളിലായി ഇപ്പോൾ ഏകദേശം 1300 ആളുകൾ നേരിട്ട് ജോലി ചെയ്യുന്നു.

(ബി) ഈ പാർക്ക് പൂർണ്ണതോതിൽ എത്തുമ്പോൾ 14,000 പേർക്ക് തൊഴിൽ നൽകാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഈ ലക്ഷ്യം ഇതുവരെ കൈവരിച്ചിട്ടില്ല. അടുത്ത രണ്ടു വർഷത്തിനുള്ളിൽ ഈ പദ്ധതി പൂർണ്ണമാകുമെന്നും ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

മലബാർ സിമൻറ്സ് ലിമിറ്റഡിലെ ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസിന്റെ ഇൻസ്പെക്ഷൻ

6 [2143] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമൻറ്സ് ലിമിറ്റഡിന് കീഴിൽ പ്രവർത്തിക്കുന്ന പണ്ടാരത്ത് ലൈം സ്റ്റോൺ മൈൻസിൽ 2005 മാർച്ച് മാസം ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസ് ഉദ്യോഗസ്ഥൻ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണെന്നും അവർ നൽകിയ നിർദ്ദേശങ്ങൾ എന്തൊക്കെ ആണെന്നും അറിയിക്കുമോ;

(സി) ഈ ഉദ്യോഗസ്ഥൻ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളവയിൽ എന്തൊക്കെ പാലിച്ചു എന്നും എന്തൊക്കെ പാലിച്ചില്ല എന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥൻ നൽകിയ നിർദ്ദേശങ്ങളിൽ ഈ സ്ഥാപനത്തിൽ ഒരു മൈനിംഗ് എഞ്ചിനീയറെ നിയമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് വേണ്ട യോഗ്യത എന്താണെന്ന് അറിയിക്കുമോ;

(എഫ്) ഇപ്പോൾ ഈ സ്ഥാപനത്തിൽ മൈനിംഗ് എഞ്ചിനീയർ ആയി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹം ആരാണെന്നും അദ്ദേഹത്തിന്റെ യോഗ്യത എന്താണെന്നും വ്യക്തമാക്കുമോ;

(ജി) ഈ ഉദ്യോഗസ്ഥൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള യോഗ്യതയുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇദ്ദേഹത്തെ നിയമിച്ചതെന്ന് വ്യക്തമാക്കുമോ;

(എച്ച്) മൈനിംഗ് എഞ്ചിനീയറിംഗ് തസ്തികയിലേയ്ക്ക് യോഗ്യതയുള്ളവരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 29-3-2005-നാണ് ഇൻസ്പെക്ഷൻ നടത്തിയത്. ഒരു ഹുറ്റൈം ഗ്രാജുവേറ്റ് മൈനിംഗ് എഞ്ചിനീയറെ നിയമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഈ ഉദ്യോഗസ്ഥൻ നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) കത്തിന്റെ തീയതി മുതൽ 45 ദിവസത്തിനകം ഗ്രാജുവേറ്റ് മൈനിംഗ് എഞ്ചിനീയറെ നിയമിക്കണമെന്നാണ് പ്രസ്തുത കത്തിലെ നിർദ്ദേശം. നിയമനം നടത്താൻ 6 മാസത്തെ സമയം വേണമെന്ന് ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസിനോട് കമ്പനി അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. ഈ തസ്തികക്കുവേണ്ട യോഗ്യത മൈനിംഗ് എഞ്ചിനീയറിംഗിൽ ബിരുദമാണ്.

(എഫ്) ഇപ്പോഴും ഈ കമ്പനിയിൽ മൈനിംഗ് എഞ്ചിനീയറായി ആരെയും നിയമിച്ചിട്ടില്ല.

(ജി) ബാധകമല്ല.

(എച്ച്) നടപടി സ്വീകരിച്ചുവരുന്നു.

കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡിന് 2001 മുതൽ 2004 വരെയുള്ള വർഷങ്ങളിലെ പ്രവർത്തനം

7 [2144] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡിന്റെ 2001 മുതൽ 2004 വരെയുള്ള കാലയളവിൽ വിവിധയിനങ്ങളിലായി വൻതോതിൽ നഷ്ടം സംഭവിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(സി) ഓരോ വർഷവും ഓരോ വിഭാഗത്തിലെയും പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവിയിൽ നഷ്ടം സംഭവിക്കാതെ പരിഹാര നടപടികൾ സ്വീകരിക്കുന്ന കീഴ്വഴക്കം ഉണ്ടായിരുന്നോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) 2001 മുതൽ 2004 വരെയുള്ള വർഷങ്ങളിലെ നഷ്ടങ്ങളെ കുറിച്ച് കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിനെക്കുറിച്ച് വിശദമായി അന്വേഷിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly